6848
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - മാതൃകാ അങ്കണവാടികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 334/2015/സാനീവ തീയതി, തിരുവനന്തപുരം 05.06.2015

---

പരാമർശം : (1) സ.ഉ (സാധാ) നം 730/2014/സാനീവ തീയതി 10.12.2014.
(2) 21.04.2015 -ലെ ICDS A7-25945/11 നമ്പർ കത്ത്.
(3) 16.05.2015 -ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

## ഉത്തരവ്

ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതി പ്രകാരം 10 സെന്റ് സ്ഥലം ലഭ്യമായതും ബന്ധപ്പെട്ട എം.എൽ.എ ശുപാർശ ചെയ്തതുമായ അങ്കണവാടികളെ മാതൃകാ അങ്കണവാടികളായി ഉയർത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാതൃകാ അങ്കണവാടികളിൽ വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിൽ പണി പൂർത്തീകരിച്ച 21 മാതൃകാ അങ്കണവാടികൾക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ നിരക്കിൽ 42 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 119 നിയോജകമണ്ഡലങ്ങളിൽ കൂടി ടി സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഒരു മാതൃകാ അങ്കണവാടിയിൽ ആവശ്യമായ പുസ്തകങ്ങൾ, കട്ടിലുകൾ, അലമാരകൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, കസേരകൾ, ബയോഗ്യാസ് പ്ലാന്റ്, സോളാർ പാനൽ, പൂന്തോട്ട നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി 2,55,000/- രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും 119 മാതൃകാ അങ്കണവാടികളിൽ നടപ്പിലാക്കുന്നതിനായി 3,03,45,000/- രൂപ 2015-16 സാമ്പത്തിക വർഷത്തിലെ '2235-02-102-98 (P)34(OC)' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 16.05.2015 ൽ നടന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റോർ പർച്ചേഴ്സ് ചട്ടം പാലിച്ച് വാങ്ങണമെന്ന നിബന്ധനയോടെ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റോർ പർച്ചേഴ്സ് ചട്ടങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ 119 അങ്കണവാടികളെ 3G മാതൃകാ അങ്കണവാടികളാക്കുന്നതിന് ആവശ്യമായ പുസ്തകങ്ങൾ, കട്ടിലുകൾ, അലമാരകൾ, ടെലിവിഷൻ, കമ്പ്യൂട്ടർ, കസേരകൾ, ബയോഗ്യാസ് പ്ലാന്റ്, സോളാർ പാനൽ, പൂന്തോട്ട നിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി, ഒരു അങ്കണവാടിയ്ക്ക് 2,55,000/- രൂപ നിരക്കിൽ 3,03,45,000/- (മൂന്നുകോടി മൂന്ന് ലക്ഷത്തി

നാൽപ്പത്തയ്യായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ '2235-02-102-98 (P) - (01) 34(OC)' ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**